©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2024 ജൂലൈ 08<br>08th July 2024<br>1199 മിഥുനം 24<br>24th Mithunam 1199<br>1946 ആഷാഢം 17<br>17th Ashadha 1946 | നമ്പർ<br>No. | 2188 |

### കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 23/2024/വ്യവ.
**എസ്. ആർ. ഒ. നമ്പർ 596/2024**

*തിരുവനന്തപുരം, 2024 ജൂൺ 25*
*1199 മിഥുനം 11*
*1946 ആഷാഢം 4.*

2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019-ലെ 16) 14-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2020 ജനുവരി 6-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 2/2020/വ്യവ. വിജ്ഞാപനത്തിൻകീഴിൽ പുറപ്പെടുവിച്ചതും 2020 ജനുവരി 6-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 12/2020 ആയി പ്രസിദ്ധീകരിച്ചതുമായ 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ, ഇതിനാൽ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2024-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2020-ലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിലെ, പട്ടിക I-ൽ, ക്രമനമ്പർ 1-ന് എതിരെ, (4)-ാം കോളത്തിൽ, "തരം" എന്ന ശീർഷകത്തിന് താഴെ "20,000" എന്ന അക്കത്തിന് പകരം "50,000" എന്ന അക്കവും "15" എന്ന അക്കത്തിന് പകരം "20" എന്ന അക്കവും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ്, ഐ. എ. എസ്.,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്).

2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിലെ 5-ാം ചട്ടത്തിൽ, കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ 5-ാം വകുപ്പു പ്രകാരം, ആക്റ്റിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഒരു വ്യവസായ സ്ഥാപനത്തിന് നൽകുന്ന കൈപ്പറ്റുസാക്ഷ്യപത്രത്തിന്, ചട്ടങ്ങളിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക I-ൽ പരാമർശിച്ച പ്രകാരമുള്ള സംഗതികളിൽ മൂന്ന് വർഷക്കാലത്തേക്ക്, ആക്റ്റിന്റെ 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടങ്ങളിലെ 5എ ചട്ടത്തിൽ, ആക്റ്റ് പ്രകാരം ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് നൽകപ്പെടുന്ന അംഗീകാരത്തിനും ചട്ടങ്ങളുടെ പട്ടിക I-ൽ പറഞ്ഞ പ്രകാരമുള്ള സംഗതികളിൽ അഞ്ച് വർഷക്കാലത്തേക്ക് സമാനമായ ഒരു അംഗീകാരം എന്ന നിലയിൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പട്ടിക I-ലെ ക്രമനമ്പർ 1-ൽ 20,000 ചതുരശ്രഅടി വരെ വിസ്തീർണ്ണവും 15 മീറ്റർ വരെ ഉയരവും ഉള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള വികസന പെർമിറ്റ് സംബന്ധിച്ചാണ് പരാമർശിക്കുന്നത്. 1-6-2020-ൽ ഭാരത സർക്കാർ പുറപ്പെടുവിച്ച S. O. 1702(E) നമ്പർ വിജ്ഞാപന പ്രകാരം, MSMEs-ന്റെ അർത്ഥവ്യാപ്തി പുതുക്കിയതനുസരിച്ച് പ്രസ്തുത കാറ്റഗറിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപ വരെ നിക്ഷേപം നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഇപ്പോൾ, പ്രസ്തുത വിജ്ഞാപനത്തിന് അനുസൃതമായി 20,000 ചതുരശ്രഅടി എന്നത് 50,000 ചതുരശ്രഅടിയായും, 15 മീറ്റർ എന്നത് 20 മീറ്റർ ആയും വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത ചട്ടങ്ങളിലെ പട്ടിക I-ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Industries (B) Department**

NOTIFICATION

G. O. (P) No. 23/2024/ID.

*Dated, Thiruvananthapuram, 25th June, 2024*
*11th Mithunam, 1199*
*4th Ashadha, 1946.*

**S. R. O. No. 596/2024**

In exercise of the powers conferred by section 14 of the Kerala Micro Small Medium Enterprises and Other Enterprises Facilitation Act, 2019 (16 of 2019), the Government of Kerala hereby make the following rules further to amend the Kerala Micro Small Medium Enterprises and Other Enterprises Facilitation Rules, 2020 issued by notification under G. O. (P) No. 2/2020/ID, dated 6th January, 2020 and published as S. R. O. No. 12/2020 in the Kerala Gazette Extraordinary No. 43 dated 6th January, 2020, namely:—

Rules

1. *Short title and commencement*.—(1) These rules may be called the Kerala Micro Small Medium Enterprises and Other Enterprises Facilitation (amendment) Rules, 2024.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Micro Small Medium Enterprises and Other Enterprises Facilitation Rules, 2020, in SCHEDULE I, against serial number 1, in column (4), under the heading "category" for the figure "20,000", the figure "50,000" and for the figure "15" the figure "20" shall respectively be, substituted.

By order of the Governor,

A. P. M. Mohammed Hanish, I.A.S.,
*Principal Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Rule 5 of the Kerala Micro Small Medium Enterprises and other Enterprises Facilitation Rules, 2020 provides that, Acknowledgement Certificate issued under section 5 of the Kerala Micro Small Medium Enterprises and other Enterprises Facilitation Act shall have effect as an approval as defined in clause (c) of section 2 of the Act for a period of three years in such case as mentioned in Schedule I to the rules. In rule 5A of the said rules, it is laid down that the composite licence issued under the act to other enterprises shall also have similar effect as an approval for a period of five years in such case as mentioned in Schedule I. In the above said Schedule I, in serial number 1, it is mentioned about the development permit for the construction of building having a plinth area upto 20,000 square feet and height upto 15 metre. As per notification S. O. 1702(E) dated 1-6-2020, the Government of India revised the definition of MSMEs as per which investments upto Rs.50 crore are now included in the said category. Now, therefore, Government have decided to enhance the said plinth area from 20,000 square feet to 50,000 square feet and the height from 15 metres to 20 metres in tune with the said notification and to amend Schedule I to the said rules suitably.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.08 04:18:14 +05:30